(12) കുട്ടനാട് നെൽകൃഷി മേഖലയിലെ വോൾട്ടേജ് ക്ഷാമം

ഡോ. കെ. സി. ജോസഫ് : സർ, കുട്ടനാടൻ നെൽകൃഷി മേഖല ഇതര നെൽകൃഷി മേഖലകളിൽ നിന്ന് വ്യത്യസ്തമായ ഭൂപ്രകൃതി ഉള്ള പ്രദേശമാണ്. സമുദ്ര നിരപ്പിൽ നിന്ന് താഴ്ന്നു സ്ഥിതി ചെയ്യുന്ന നെൽപ്പാടങ്ങളിൽ കൃഷി ചെയ്യണമെങ്കിൽ വെള്ളം പമ്പു ചെയ്ത് കൃഷിയോഗ്യമാക്കേണ്ടതുണ്ട്. ആ നിലയിൽ വെള്ളം പമ്പു ചെയ്യണമെങ്കിൽ നല്ല വോൾട്ടേജോടുകൂടി തുടർച്ചയായി വൈദ്യുതി ലഭ്യമാക്കണം. നിർഭാഗ്യവശാൽ ഇന്ന് വോൾട്ടേജ് ക്ഷാമം കൊണ്ട് പമ്പ് പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നതിന്റെ ഫലമായി കൃഷിനാശം വളരെ കൂടുതലായി ഉണ്ടാകുന്നു. ദേശത്തിന്റെ തന്നെ ആവശ്യമെന്നുള്ള നിലയിൽ, ഭക്ഷ്യോത്പ്പാദനത്തിന്റെ വർദ്ധനവിന് ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്ന നിലയിൽ, വോൾട്ടേജോടുകൂടി വൈദ്യുതി ലഭ്യമാക്കുന്നതിന്, വോൾട്ടേജ് ഇംപ്രൂവ്മെന്റിനു വേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. ഇതു പരിഗണിച്ച് 1987-ൽ അപ്പർ കുട്ടനാടൻ മേഖലയിൽ എടത്വായിൽ ഒരു 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സാംഗ്ഷനായതാണ്. അതിന് പുന്നപ്രയിൽ നിന്ന് ലൈൻ വലിക്കാൻ ആരംഭിച്ചെങ്കിലും സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയായിട്ടില്ല. അത് പൂർത്തിയാകാത്തതുകൊണ്ട് സബ്സ്റ്റേഷന്റെ തുടർന്നുള്ളപണികളും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വേഗതയിൽ സ്ഥലമെടുപ്പ് പൂർത്തിയാക്കി ആ സബ് സ്റ്റേഷന്റെ പണിയാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം നിലവിലുള്ള കുട്ടനാട് സബ് സ്റ്റേഷനെ, (മാങ്കൊമ്പിലേത് ഇപ്പോൾ 66 കെ. വി. സബ് സ്റ്റേഷനാണ്) 110 കെ. വി. സബ്സ്റ്റേഷനാക്കി ഉയർത്തുകയും ലോവർ കുട്ടനാട് കായൽ മേഖലയിൽ വോൾട്ടേജ് ലഭ്യമാക്കുന്നതിനുവേണ്ടി കാവാലത്തും കിടങ്ങറയിലും ഓരോ സബ് സ്റ്റേഷൻ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. അതോടൊപ്പം ഇപ്പോഴുള്ള ലൈനുകൾ വലിച്ചുകൊണ്ടു പോകുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് ഉപയോഗിക്കുന്ന കോൺഗ്രീറ്റ് പോസ്റ്റുകൾ അവിടെ ഉപയോഗപ്രദമല്ല. കാരണം വെയിറ്റു കൊണ്ട് താഴ്ന്നു പോകുന്നു. അവിടെ ഭാരം കുറഞ്ഞ, തേക്കിൻ തടി പോസ്റ്റുകൾ ആണ് ഉപയോഗിച്ചുവരുന്നത്. അത് ലഭ്യമല്ലാത്തതുകൊണ്ട് ലൈനുകളെല്ലാം നശിച്ചിരിക്കുന്നു. ആ നിലയിൽ, തേക്കിൻ തടികൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആൾട്ടർനേറ്റായിട്ട് ഭാരം കുറഞ്ഞ ഏതെങ്കിലും പോസ്റ്റുണ്ടാക്കി, അതുവഴിയുള്ള ലൈനുകൾ നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അങ്ങനെ എപ്പോഴും വോൾട്ടേജോടുകൂടി വൈദ്യുതി ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കുട്ടനാട് മേഖലയിലെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുന്നതിനുവേണ്ടി എടത്വാ 110 കെ. വി. സബ് സ്റ്റേഷൻ, കാവാലം 66 കെ. വി. സബ് സ്റ്റേഷൻ, കിടങ്ങറ 33 കെ. വി. സബ് സ്റ്റേഷൻ, തകഴി 33 കെ. വി. സബ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണത്തിന് ഓഫീസുകൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ നടന്നു

LIBRARY ARCHIVES Kerala Legislative Assembly

വരികയാണ്. സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാൽ ഉടനെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 1987-ൽ അനുവാദം കിട്ടിയിട്ട്, ഇന്നും തുടങ്ങാൻ കഴിയാത്തതായ എടത്വാ 110 കെ. വി. സബ് സ്റ്റേഷന്റെ കാര്യത്തിൽ പ്രഥമ പരിഗണന നൽകും. കൂടാതെ നിലവിലുള്ള കുട്ടനാട് 66 കെ. വി. സബ് സ്റ്റേഷന്റെ ട്രാൻസ്ഫോർമർ കപ്പാസിറ്റി ഇപ്പോഴുള്ള 12 എം. വി. എ. യിൽ നിന്നും 20 എം. വി. എ. ആയി ഉയർത്താനും യാർഡിനും കൺട്രോൾ റൂമിനും വേണ്ട മാറ്റങ്ങൾ വരുത്താനുമുള്ള ഒരു എസ്റ്റിമേറ്റിന് വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. വിതരണ മേഖലയിൽ മങ്കൊമ്പ്, എടത്വാ എന്നീ സെക്ഷനാഫീസുകളുടെ കീഴിൽ 15.5. കിലോമീറ്റർ 11 കെ. വി. ലൈനും 14 ട്രാൻസ്ഫോർമറുകളും 19.5 കിലോമീറ്റർ എൽ. ടി ലൈനുകളും കൂടുതലായി സ്ഥാപിക്കുന്നതാണ്. മുൻഗണനാ ക്രമത്തിൽ സാധനസാമഗ്രികളുടെ ലഭ്യത കണക്കിലെടുത്ത് ഈ ജോലികൾ എത്രയുംവേഗം ചെയ്തു തീർക്കുന്നതാണ്. മേൽപ്പറഞ്ഞ സബ് സ്റ്റേഷനുകളും വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് ജോലികളും മറ്റും ചെയ്തു തീർക്കുന്നതോടെ കുട്ടനാട് നെൽകൃഷി മേഖലയിൽ ഇന്നുള്ള വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സങ്ങളും ഒരളവുവരെ പരിഹരിക്കാനാകും. ബഹുമാനപ്പെട്ട അംഗം പ്രത്യേകമായി ചൂണ്ടിക്കാണിച്ച ലൈനുകൾ വലിക്കുന്ന കാര്യത്തിൽ, അതിന് തേക്കിൻതടി പോസ്റ്റുകളല്ലെങ്കിൽ, ലൈനിന്റെ കേടുപാടുകൾ മാറ്റുന്നതിന് എന്ത് പകരം സംവിധാനം ഏർപ്പെടുത്താമെന്നതിനെക്കുറിച്ച് പരിശോധിക്കുന്നതിന് ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

IV റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇതുപത്തിയെട്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ നാല്പത്തിയേഴ് മുതൽ നാല്പത്തിയൊമ്പതുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ നാല്പത്തിയേഴ് മുതൽ നാല്പത്തി ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ് : സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly